(സി) സർക്കാർ എയ്ഡഡ് മേഖലയിൽ പുതുതായി ലോ കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലില്ല. എന്നാൽ സ്വാശ്രയ മേഖലയിൽ ഒരു ജില്ലയിൽ 2 ലോ കോളേജുകൾ വീതം അനുവദിക്കുന്നതിന് അനുമതി നൽകി വരുന്നുണ്ട്.

ബി.എഡ്. സെന്ററുകളുടെ അടച്ചുപൂട്ടൽ

4 (1020) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാല നേരിട്ട് നടത്തിയിരുന്ന പത്ത് ബി.എഡ്. സെന്ററുകൾ അടച്ചു പൂട്ടിയത് തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത സെന്ററുകൾ തുറന്ന് പ്രവർത്തിക്കുന്നതിനായി നടത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കാമോ ;

(സി) പ്രസ്തുത സെന്ററുകളിൽ എന്ന് മുതൽ ക്ലാസുകൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) NCTE യുടെ Southern Regional Committee (SRC) ബെംഗളൂരു, 31-5-2015-ൽ ചേർന്ന യോഗ തീരുമാനപ്രകാരം കേരള സർവ്വകലാശാലയുടെ കീഴിലുള്ള 10 ബി.എഡ് കോളേജുകളുടെ അംഗീകാരം പുനഃസ്ഥാപിച്ചിട്ടുണ്ട്.

(ബി) NCTE SRC-യുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1-6-2015-ൽ ബി.എഡ്.സെന്ററുകളിലേയ്ക്ക് അഡ്മിഷനുവേണ്ടിയുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. NCTE 2014 റെഗുലേഷൻ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ച് അദ്ധ്യാപകരെ നിയമിക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

(സി) 1-7-2015 മുതൽ ക്ലാസ്സുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly